(ഡി) ജിയോളജി (സീനിയർ) തസ്തികയിലേക്ക് പ്രൊമോഷനുവേണ്ടി നീക്കിവച്ച ഒഴിവുകളിൽ നിയമനം നടത്തുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ കാലതാമസത്തിനുള്ള കാരണങ്ങൾ വിശദമാക്കാമോ ;

(ഇ) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ യെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 755,ജില്ല തിരിച്ചുള്ള വിവരം അനുബന്ധംആയി I ചേർത്തിരിക്കുന്നു.*

(ബി) 31, ജില്ല തിരിച്ചുള്ള വിവരം അനുബന്ധആയി IIചേർത്തിരിക്കുന്നു.*

(സി) ഹയർസെക്കണ്ടറി സ്കൂളുകളിൽ അധിക ബാച്ചിനായി അപേക്ഷ പരിഗണിക്കുമ്പോൾ പ്രാദേശികമായ ആവശ്യകത കണക്കിലെടുത്ത് സ്കൂൾ അധികൃതരാണ് സബ്ജക്ട് കോമ്പിനേഷൻ ആവശ്യപ്പെടുന്നത്. പ്രസ്തുത അപേക്ഷയിൻമേൽ സർക്കാർ തീരുമാനമെടുക്കുന്നു. പ്രാദേശികമായ ആവശ്യകതയുടെ അടിസ്ഥാനത്തിലല്ലാതെയുള്ള ബാച്ചുകൾ അനുവദിക്കുകയാണെങ്കിൽ ബാച്ചുകൾ പ്രവർത്തിക്കാനാവശ്യമായ എണ്ണം വിദ്യാർത്ഥികൾ പ്രസ്തുത ബാച്ച് തെരഞ്ഞെടുക്കാതെ വരികയും സീറ്റുകൾ ഒഴിഞ്ഞു കിടക്കുകയും ചെയ്യുന്ന അവസ്ഥ സംജാതമാകും.

(ഡി&ഇ) ജിയോളജി സീനിയർ തസ്തികയിൽ ജൂനിയർ സൂപ്രണ്ടിനെ നിയമനം നടത്തുന്നതിനുവേണ്ടി നീക്കിവച്ച ഒഴിവുകളിൽ യോഗ്യരായ അദ്ധ്യാപകർ ഇല്ലാത്തതിനാൽ ടി ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി ഒഴിവുകളിൽ നിയമനവും നൽകിയിട്ടുണ്ട്.

നായരങ്ങാടി റസിഡൻഷ്യൽ സ്കൂളിൽ ഹയർസെക്കണ്ടറിയിൽ കോമേഴ്സിന് അഡീഷണൽ ബാച്ച് അനുവദിക്കൽ

108 (T7073) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിലെ നായരങ്ങാടിയിലെ മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ഹയർ സെക്കണ്ടറി അഡീഷണൽ ബാച്ച് (കൊമേഴ്സ്) അനുവദിക്കണമെന്ന അപേക്ഷയിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥിനികളുടെ കൊഴിഞ്ഞ് പോക്ക് ഒഴിവാക്കി, പാസ്സാകുന്ന മുഴുവൻ വിദ്യാർത്ഥിനികൾക്കും തുടർ പഠനത്തിനുള്ള അവസരം ഉറപ്പാക്കുന്നതിനായി പ്ലസ് വൺ അഡീഷണൽ ബാച്ച് അനുവദിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.
'T' മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇക്കാര്യം സർക്കാരിന്റെ പരിശോധനയിലാണ്.

(ബി) സംസ്ഥാനത്ത് ഹയർസെക്കന്ററി അധിക ബാച്ചുകൾ അനുവദിക്കുവാൻ സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. ഇതിന്റെ നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല.

ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ നെടുങ്ങോലം ഗവ. ഹയർ സെക്കന്ററി സ്കൂളിന്റെ കെട്ടിട നിർമ്മാണം

107 (7074) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ നെടുങ്ങോലം ഗവ. ഹയർ സെക്കന്ററി സ്കൂളിന്റെ കെട്ടിട നിർമ്മാണത്തിന് 96 ലക്ഷം രൂപ പ്ലാൻ ഫണ്ട് ഉപയോഗിച്ച് 8 ക്ലാസ് മുറി നിർമ്മിക്കുന്നതിലേക്ക് പ്ലാനും അനുബന്ധരേഖകളും ഹയർ സെക്കന്ററി ഡയറക്ടറേറ്റിൽ ലഭിച്ചിരുന്നുവോ ;

(ബി) പ്രസ്തുത നിർമ്മാണപ്രവർത്തനം നടത്തുന്നതിലേക്കായി ബന്ധപ്പെട്ട വകുപ്പ് തയ്യാറാക്കിയ പ്രാഥമിക ലിസ്റ്റിൽ 12-ാമതായി ഈ പ്രവൃത്തി ഉൾപ്പെടുത്തിയിരുന്നുവെങ്കിലും പിന്നീട് തയ്യാറാക്കിയ മുൻഗണനാലിസ്റ്റിൽ ഈ പ്രവൃത്തി ഉൾപ്പെടുത്താതെ പോയകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മേൽപ്പറഞ്ഞ സ്കൂളിന്റെ അടിസ്ഥാന സൗകര്യ അപര്യാപ്തത കണക്കിലെടുത്ത് നടപ്പുസാമ്പത്തികവർഷം കെട്ടിട നിർമ്മാണത്തിന് നടപടി സ്വീകരിക്കാൻ സന്നദ്ധമാകുമോ ?

ഉത്തരം

(എ) ലഭിച്ചിരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഫണ്ടിന്റെ അപര്യാപ്തതമൂലം ഈ സാമ്പത്തികവർഷം കെട്ടിട നിർമ്മാണത്തിനായി ടി സ്കൂളിനെ പരിഗണിക്കാൻ കഴിഞ്ഞിട്ടില്ല.

കണ്ണൂർ ജില്ലയിലെ എച്ച്.എസ്.എ. മലയാളം തസ്തികയിലെ ഒഴിവുകൾ

108 (7075) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ എച്ച്.എസ്.എ. മലയാളം തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ട് ; ഏതൊക്കെ സ്കൂളുകളിൽ ; വ്യക്തമാക്കുമോ ;

(ബി) എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ടു ചെയ്തിട്ടുണ്ട് ;